(2) കേന്ദ്ര ഗവൺമെന്റ് സർവ്വീസിൽ ഇരിക്കുമ്പോൾ ഗവൺമെന്റ് അനുമതിയോടുകൂടി സ്റ്റേറ്റ് സർവ്വീസിൽ ജോലി സമ്പാദിക്കുന്നവരുടെ കാര്യത്തിലും പ്രസ്തുത സർവ്വീസ പെൻഷനും കണക്കാക്കുന്നതാണ്.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

അവിവാഹിതയായ ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് പ്രസവാനുകൂല്യം

5 (2377) ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതയായ ഗവൺമെന്റ് ഉദ്യോഗസ്ഥ പ്രസവിച്ചാൽ പ്രസവാനുകൂല്യം നൽകാൻ വ്യവസ്ഥയുണ്ടോ!

(ബി) ഗവൺമെന്റ് സർവ്വന്റ്സ് കോൺടക്ട് റൂൾസ് അനുസരിച്ച് വിവാഹം കഴിക്കാത്ത സ്ത്രീ പ്രസവിക്കുന്നത് കുറ്റകരമാണോ?

ഉത്തരം

(എ) കെ. എസ്. ആർ. പാർട്ട് I-ലെ 100-ാം ചട്ടമനുസരിച്ച് വനിതാ ജീവനക്കാർക്ക് പ്രസവാവധി അനുവദിക്കുന്നതാണ്. വിവാഹിതരായ വനിതാ ജീവനക്കാർക്ക് മാത്രമേ പ്രസവാവധി അനുവദിക്കൂ എന്നു നിലവിലുള്ള ചട്ടം അനുശാസിക്കുന്നില്ല. അതുകൊണ്ട് പ്രസവാവധി അനുവദിക്കുമ്പോൾ അപേക്ഷ വിവാഹിതയാണോ എന്ന കാര്യം അന്വേഷിക്കേണ്ടതില്ല. അവിവാഹിതയായ ഉദ്യോഗസ്ഥയ്ക്കും പ്രസവാവധിക്കു അർഹതയുണ്ട്.

(ബി) അല്ല.

1986 ലെ സർക്കാർ ഡയറിയിലെ തെറ്റുകൾ

6 (2383) ശ്രീ. എസ്. ആർ. തങ്കരാജ്:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ലെ സർക്കാർ ഡയറിയിൽ (ഇംഗ്ലീഷ് പതിപ്പിൽ) കടന്നുകൂടിയിട്ടുള്ള തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1986-ലെ സർക്കാർ ഡയറിയിൽ (ഇംഗ്ലീഷ് പതിപ്പിൽ) കേരളത്തിൽ 12 ജില്ലകളുള്ളതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിനുത്തരവാദികളായവരുടെമേൽ നടപടികൾ എന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) 1987-ലെ ഡയറിയിൽ തെറ്റുകൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1986-ലെ സർക്കാർ ഡയറിയിൽ നിയമസഭാംഗങ്ങളുടെ പേരുകൾ ഉൾപ്പെടുന്ന ഭാഗത്ത് നിയോജക മണ്ഡലങ്ങൾ ജില്ലതിരിച്ചു രേഖപ്പെടുത്തിയിട്ടുള്ളതിൽ കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകൾ വേർതിരിച്ചു കാണിച്ചിട്ടില്ലാത്ത കാര്യം ഡയറി പ്രസിദ്ധീകരിച്ചതിനുശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ജില്ലാ ഓഫീസുകളെക്കുറിച്ചുള്ള ഭാഗത്ത് കേരളത്തിലെ റവന്യൂ ജില്ലകൾ പതിനാലായിത്തന്നെ കാണിച്ചിട്ടുണ്ട്. 'കേരളം ഒറ്റനോട്ടത്തിൽ' (Kerala at a glance) എന്ന ഭാഗത്തും കേരളത്തിലെ ജില്ലകൾ 14 എന്നുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഡയറിയുടെ കരട് അംഗീകരിക്കുന്നതിനുമുൻപായി ഓരോ ഭാഗവും ബന്ധപ്പെട്ട വകുപ്പുകൾക്ക് അംഗീകരത്തിനായി അയച്ചുകൊടുക്കുകയും, ആ വകുപ്പുകൾ അംഗീകരിക്കുന്ന രീതിയിൽ കരടിന് അവസാന രൂപം നൽകുകയുമാണ് ചെയ്യാറുള്ളത്. നിയമസഭാംഗങ്ങളുടെ പേരുകൾ ഉൾപ്പെടുന്ന ഭാഗം നിയമസഭാ സെക്രട്ടറിയേറ്റിന്റെ പരിശോധനയ്ക്കായി അയയ്ക്കുകയും, അവർ അംഗീകരിച്ച പ്രകാരം ഡയറിയിൽ ചേർക്കുകയുമാണുണ്ടായത്. ഇതിൽ കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകൾ നിയമസഭാ സെക്രട്ടറിയേറ്റ് വേർതിരിച്ച് കാണിച്ചിരുന്നില്ല. ഇക്കാര്യം ജോലിത്തിരക്കിനിടയിൽ ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുമുണ്ടായില്ല. എങ്കിലും വളരെയധികം വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഡയറിയിൽ കണ്ട ഇമ്മാതിരി വീഴ്ചകൾ ഭാവിയിൽ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ട മുൻകരുതലുകൾ കൈക്കൊണ്ടിട്ടുണ്ട്.

മൂക്കുന്നി മലയിൽ സ്ഥാപിക്കുന്ന റഡാർ സ്റ്റേഷൻ

7 (2385) ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ പഞ്ചായത്തിലെ മൂക്കുന്നി മലയിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്ന റഡാർ സ്റ്റേഷൻ എന്നേക്കു സ്ഥാപിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പത്തനംതിട്ട ജില്ലയിലെ ഹരിജൻ സഹകരണ സംഘങ്ങൾ

8 (2386) ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ രജിസ്റ്റർചെയ്തു പ്രവർത്തിക്കുന്ന ഹരിജൻ സഹകരണ സംഘങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly